# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ്-കൊച്ചി നഗരസഭ-ഇടപ്പള്ളി നോർത്ത് വില്ലേജിലെ സർവ്വേ നമ്പർ 95/18-ൽ ഉൾപ്പെട്ട നിർമ്മാണം- കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് ചട്ടം 3 C(b) പ്രകാരം ക്രമവൽക്കരിച്ച്-- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ആർബി) വകുപ്പ്

സ.ഉ (സാധാ) നമ്പർ 2396/15/തസ്വഭവ തീയതി തിരുവനന്തപുരം 04.08.2015

---

പരാമർശം:- 1) ശ്രീമതി.ഗീത വി. എം ,കേളേത്ത് വീട്, എയിംസ് പി. ഒ ഇടപ്പള്ളി നോർത്ത് സമർപ്പിച്ച തീയതിയില്ലാത്ത അപേക്ഷ

2) കൊച്ചി നഗരസഭാ സെക്രട്ടറിയുടെ 19.12.14- ലെ EYP2-130/08 നമ്പർ കത്ത്.

3) മുഖ്യ നഗരാസൂത്രകന്റെ 21.4.15 -ലെ C1/2145/15 നമ്പർ കത്ത്.

## ഉത്തരവ്

കൊച്ചി നഗരസഭയിൽ ഇടപ്പള്ളി നോർത്ത് വില്ലേജിൽ സർവ്വേ നമ്പർ 95/18-ൽ ഉൾപ്പെട്ട 5.5 സെന്റ് സ്ഥലത്തിൽ, 4.35 സെന്റ് സ്ഥലം വല്ലാർപ്പാടം കണ്ടെയ്നർ ടെർമിനലിനു വേണ്ടി ഏറ്റെടുത്തതിനു ശേഷം ബാക്കി വരുന്ന 1.15 സെന്റ് സ്ഥലത്ത് നിർമ്മിച്ചിരിക്കുന്ന കെട്ടിടത്തിന് നമ്പർ അനുവദിക്കണമെന്ന് പരാമർശം ഒന്ന് പ്രകാരം ശ്രീമതി.ഗീത സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. നിർമ്മാണം പൂർത്തീകരിച്ച കെട്ടിടത്തിന് കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് ചട്ടം 62(1), 62(2),62(3),41 എന്നിവയുടെ ലംഘനങ്ങൾ ഉള്ളതിനാൽ അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുവാൻ നിർവ്വാഹമില്ലെന്ന് പരാമർശം രണ്ട് പ്രകാരം കൊച്ചി നഗരസഭാ സെക്രട്ടറി സർക്കാരിൽ റിപ്പോർട്ട് ചെയ്യുകയുണ്ടായി.പരാമർശ നിർമ്മാണത്തിന് കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് ചട്ടം 3C(b) പ്രകാരമുള്ള ഇളവുകൾക്ക് അർഹതയുണ്ടോയെന്ന് സർക്കാർ മുഖ്യ നഗരാസൂത്രകന്റെ അഭിപ്രായം ആരായുകയും പരാമർശം മൂന്ന് പ്രകാരം മുഖ്യ നഗരാസൂത്രകൻ സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു .

3 സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. അപേക്ഷക 5.5 സെന്റ് സ്ഥലത്തിൽ നിന്നും 4.35 സെന്റ് സ്ഥലം വല്ലാർപ്പാടം പദ്ധതിക്ക് നൽകിയിട്ടുണ്ടെന്ന് നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ ബാക്കിവരുന്ന 1.15 സെന്റ് സ്ഥലത്തെ നിർമ്മാണത്തിന് കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് ചട്ടം 3C(b) പ്രകാരമുള്ള ഇളവുകൾക്ക് അർഹമാണെന്ന് കാണുന്നു.

4. മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ കൊച്ചി നഗരസഭയിൽ ഇടപ്പള്ളി നോർത്ത് വില്ലേജിൽ സർവ്വേ നമ്പർ 95/18-ൽ ഉൾപ്പെട്ട 1.15 സെന്റ് സ്ഥലത്ത് ശ്രീമതി. ഗീത നിർമ്മിച്ചിരിക്കുന്ന കെട്ടിടത്തിന് കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ്

ചട്ടം3C(b) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് ചട്ടം 62(1), 62(2), 62(3),41 എന്നിവയിൽ നിന്നും ഒഴിവ് നൽകി ഉത്തരവാകുന്നു. പരാമർശ നിർമ്മാണം കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് ചട്ടം 143 പ്രകാരം ക്രമവൽക്കരിക്കുവാൻ ആവശ്യമായ നടപടികൾ കൊച്ചി നഗരസഭാ സെക്രട്ടറി സ്വീകരിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
എ പി എം മുഹമ്മദ് ഹനീഷ്
ഗവൺമെന്റ് സെക്രട്ടറി

ശ്രീമതി.ഗീത വി. എം ,കേളേത്ത് വീട്,
എയിംസ് പി. ഒ, ഇടപ്പള്ളി നോർത്ത്
സെക്രട്ടറി, കൊച്ചി നഗരസഭ
മുഖ്യ നഗരാസൂത്രകൻ,തിരുവനന്തപുരം
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ